
NOVEMBER YEAR: 2021

# ബൈബിൾ ട്രൂത്ത്




# THE BIBLE TRUTH

**പിതാവായ ദൈവം**

↓

**പുത്രനായ ക്രിസ്തു മുഖാന്തരം**

↓

**അപ്പൊസ്തലന്മാർക്ക് നൽകി**

↓

**അപ്പൊസ്തലന്മാർ മുഖാന്തരം**

↓

**സർവ്വ ലോകത്തിനും നൽകി**

↓

**ആ രക്ഷാദൂത് സകല മനുഷ്യരും അനുസരിക്കണം**

- *രക്ഷിക്കപ്പെടുന്നവരെ കർത്താവ് സഭയോടു ചേർക്കുന്നു.*
- *നാമധേയ വിഭാഗങ്ങളെല്ലാം ദൈവ പദ്ധതിക്കു പുറത്താണ്.*
- *കൃപയാൽ സൗജന്യമായത്രെ ദൈവം രക്ഷിക്കുന്നത്.*
- *വിശ്വസിക്കുന്നവർ പാപങ്ങളെ വിട്ട് മാനസാന്തരപ്പെടും.*
- *പാപമോചനത്തിന് ക്രിസ്തുവിന്റെ ഉപദേശം അനുസരിക്കണം.*
- *നിത്യജീവന്റെ വചനമാണ് പുതിയ നിയമത്തിലുള്ളത്.*
- *പിതാവിന്റെ ഉപദേശപ്രകാരമാണ് ക്രിസ്തു സംസാരിച്ചത്.*

// THE BIBLE TRUTH

**Editor**
**P.K. VARGHESE**
000
**Published by Church of Christ**
പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

| Vol. 36 | November 2021 | No.11 |
|---|---|---|

## എഡിറ്റോറിയൽ

ഏതൊരു രാഷ്ട്രത്തിലും പല രീതിയിലുള്ള തിരഞ്ഞെടുപ്പുകൾ നടക്കുന്നുണ്ട്. നീതിപൂർവ്വമായ ഭരണത്തിനായി ജനങ്ങൾ ചെയ്യുന്നതാണിത്. ഓരോ രാജ്യത്തിന്റെ നിലനില്പിനു ഭരണഘടനയുമുണ്ട്. ഫലവത്തായി ഇതു നടപ്പിൽ വരികയാണെങ്കിൽ നല്ലതാണ്. പക്ഷേ പലപ്പോഴും ഇതിലെല്ലാം വിപരീതഫലമാണുണ്ടാകുന്നത്. തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികൾ കാര്യനിർവ്വഹണ സമിതികളുടെ കുട്ടായ ചർച്ചകളാൽ നടത്തപ്പെടേണ്ടതാണ് നീതിയും ന്യായവും. മനുഷ്യന്റെ ഭൗതികമായ, അടിസ്ഥാനപരമായ കാര്യങ്ങളിൽ ആണ് ഇവർ ശ്രദ്ധിക്കേണ്ടത്. പലരുടേയും സ്വാധീനത്തെ ആശ്രയിച്ചാണ് തിരഞ്ഞെടുപ്പു വിജയമായി തീരുന്നത്. സാമുദായിക സംഘടനകളും മതപരമായ സംഘടനകളും രാഷ്ട്രീയ നേതാക്കളെ സ്വാധീനിക്കാറുണ്ട്. ഈ സംഘടനകൾ രാഷ്ട്രീയത്തിൽ നിർണ്ണായക സ്വാധീനമായി തീരാറുണ്ട്. സർക്കാരിനെ സമ്മർദ്ദം ചെലുത്തുന്നവരും ഭീഷണി ഉയർത്തുന്നവരും ഉണ്ട്. കാര്യനിർവ്വഹണ സഭയിലേക്ക് പ്രതിനിധികളായി മത്സരിക്കുന്നവർ ഈ സംഘടനാ നേതാക്കന്മാരെ സ്വാധീനിക്കും. പണത്തിനായി മദ്യവില്പനക്കാരെയും സ്വാധീനിക്കും. ഇങ്ങനെ ഒക്കെ വോട്ട് നേടി അധികാരത്തിലെത്തുന്ന

വർ ഇന്നു നിരവധിയാണ്. അവർക്കു കൊടുത്തുതീർക്കാൻ ബാദ്ധ്യതയുണ്ട് എന്നകാര്യം മറച്ചുവെക്കാവുന്നതല്ല.

ഇതു പൊതുവിൽ ജനങ്ങൾക്കു തുല്യനീതി കിട്ടാതിരിക്കാൻ കാരണമാകുന്നു. ഭരണത്തിൽ കയറുന്നവരും പ്രതിപക്ഷത്തിരിക്കുന്നവരും ഈ കാര്യത്തിൽ ഒരേ നിലവാരമുള്ളവരാണ്. അവിഹിതമായ രീതിയിൽ അധികാരത്തിലെത്തുന്നവരുടെ ലക്ഷ്യം തന്നെ തെറ്റാണ്. നേരായ പാതയിലൂടെ ജനവിധി തേടുകയാണ് ഓരോരുത്തരും ചെയ്യേണ്ടത്. സാധാരണക്കാർക്ക് നീതി കിട്ടണമെങ്കിൽ, നീതി തുല്യമാകണമെങ്കിൽ ഇന്നത്തെ തിരഞ്ഞെടുപ്പുകാഴ്ചപ്പാട് മാറണം. ജനങ്ങളെ സത്യസന്ധമായും നീതിയും ന്യായവും നിലനിർത്തി സേവിക്കുക എന്ന ലക്ഷ്യമുള്ളവരാകണം രംഗത്തേക്കു വരേണ്ടത്. നേരായ മാർഗ്ഗത്തിലൂടെ വേണം അവർ അധികാരസ്ഥാനങ്ങളിലേക്കു വരുവാൻ. ജനങ്ങളുടെ പ്രാഥമികമായ ആവശ്യങ്ങൾ അറിഞ്ഞു പ്രവർത്തിക്കുവാൻ കഴിവുള്ള ജനപ്രതിനിധികളാകണം. അരുതാത്ത കാര്യങ്ങൾ ചെയ്തുകൊടുക്കേണ്ട രീതിയിൽ പ്രവർത്തിക്കാതെ ന്യായത്തിനു വേണ്ടി നിലകൊള്ളുന്നവരാകണം. സംഘടിതമായ രാഷ്ട്രീയപ്രസ്ഥാനങ്ങൾ ചിലരുടെ ദുഷ്ക്കർമ്മത്തെ ന്യായീകരിക്കുന്നതിനും തെറ്റുചെയ്തവരെ സംരക്ഷിക്കുന്നതിനും നിലകൊള്ളുന്നുണ്ട്. ഇതെല്ലാം അരാജകത്വത്തിലേക്ക് സമൂഹത്തെ നീക്കും. അക്രമത്തെ ന്യായീകരിക്കുന്നവരല്ല നമുക്കാവശ്യം. അക്രമത്തെ എന്തു വിലകൊടുത്തും ഇല്ലാതാക്കുന്നവരാണ് വേണ്ടത്. ധാർമ്മിക മൂല്യത്തിനു വിലകല്പിക്കുന്ന പ്രതിനിധികളായിരിക്കണം രാജ്യം തെരഞ്ഞെടുക്കേണ്ടത്.

മദ്യരാജാക്കന്മാർ മദ്യം വിറ്റു പണമുണ്ടാക്കുന്നവരാണല്ലോ. അമിത ലാഭമാണ് അവർ ഉണ്ടാക്കുന്നത്. ഇവരുടെ കയ്യിൽ നിന്നു പണം മുൻകൂർ വാങ്ങി തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികൾ അസംബ്ലിയിൽ ചെന്ന് മദ്യം ഒഴിവാക്കണമെന്നോ, മദ്യവില്പന കുറക്കണമെന്നോ പറയാൻ ധൈര്യപ്പെടുമോ? അതാണ് ഇന്നത്തെ

ദുഃസ്ഥിതി. ഏതെങ്കിലും ഒരു സമുദായത്തിന്റെ മുൻകൂർ വോട്ട്തേടി അധികാരത്തിലെത്തുന്നവർക്ക് ഈ സമുദായത്തിന്റെ സമ്മർദ്ദത്തിനു വഴങ്ങേണ്ടി വരും എന്ന കാര്യത്തിൽ സംശയമില്ല. അങ്ങനെ വരുമ്പോൾ മറ്റുള്ളവരുടെ അപ്രീതി സമ്പാദിക്കും. അപ്പോൾ ഇങ്ങനെ സമ്മർദ്ദം ചെലുത്താത്തവരും പണം കൊടുക്കാത്തവരും എന്തുചെയ്യും? അവരുടെ ന്യായത്തിനായി അവർ എവിടെ പോകും? ന്യായവും നീതിയും ആഗ്രഹിക്കുന്നവർ സമുഹത്തെ ഒരേ രീതിയിൽ കാണുന്നവരും പക്ഷഭേദമില്ലാതെ സേവിക്കുന്നവരും ആകണം.

ദൈവം ആണ് ഓരോരുത്തരെ അധികാരത്തിലെത്തിക്കുന്നതെന്നു തിരഞ്ഞെടുക്കുന്നവരും തിരഞ്ഞെടുക്കപ്പെടുന്നവരും തിരിച്ചറിയണം. ദൈവത്തിനു വേണ്ടി അവർ ഈ ശുശ്രൂഷ ചെയ്യുന്നു എന്ന് അവർ മനസ്സിലാക്കണം. അങ്ങനെ തിരഞ്ഞെടുക്കപ്പെട്ടാൽ നീതി നടപ്പാക്കേണ്ടത് എല്ലാ ജനവിഭാഗങ്ങൾക്കും തുല്യമായിട്ടായിരിക്കണം. ജാതിയോ, മതമോ, വർഗ്ഗമോ, ഭാഷയോ ഒന്നും നോക്കാതെ ജനങ്ങളുടെ പൊതുവായ നന്മ ലക്ഷ്യമാക്കണം. തെറ്റു ചെയ്തവർ ആരായാരുന്നാലും അവരെ സംരക്ഷിക്കാതെ നിയമത്തിന്റെ മുൻപിൽ കൊണ്ടുവരണം. ഭരണഘടനക്കുള്ളിൽ നിന്നുകൊണ്ട് ചെയ്യാവുന്നതെല്ലാം ചെയ്യണം. പണസമ്പാദ്യത്തിനുള്ള അവസരമല്ല ഇത്. പിന്നെയോ ജനനന്മക്കായുള്ള സേവനമാണ് നടത്തേണ്ടത്. ശരിയായി കാര്യങ്ങൾ മനസിലാക്കി വേണം പ്രവർത്തിക്കുവാൻ. സമൂഹത്തെ നേർഗതിയിലേക്ക് ഉയർത്തുവാൻ തുറന്ന സത്യസന്ധമായ ഇടപെടലുകൾ ഉണ്ടാകണം. ഈ വിധത്തിലുള്ള കാഴ്ചപ്പാട് ദൈവഭയമുള്ളവർക്കു മാത്രമേ ഉണ്ടാകൂ.

✶

# നമ്മുടെ ഭീതിയെ എങ്ങനെ അതിജീവിക്കാം?

ക്ലെ തർമാൻ

വനാന്തരങ്ങളിൽ വസിക്കുന്ന ആളുകളിലും നഗര പ്രാന്തങ്ങളിൽ വസിക്കുന്ന ആളുകളിലും മിക്കവാറും എല്ലാവരിലും കുടികൊണ്ടിരിക്കുന്ന പ്രതിഭാസമാണ് ഭയം. ഏകാന്തത, ദാരിദ്ര്യം, തള്ളിക്കളയൽ, രോഗം, പരാജയം, തള്ളിപ്പറയൽ, ഒറ്റിക്കൊടുക്കൽ, മരണം എന്നു തുടങ്ങി അനേകം കാര്യങ്ങളിൽ മനുഷ്യർ ഇന്നു ഭയം അഥവാ ഭീഷണി നേരിടുകയാണ്. ഇവയെല്ലാം നമ്മുടെ ജീവിതത്തിന്റെ ഓരോ ഭാഗമാണെന്നു പ്രസിദ്ധ നോവലുകളും സിനിമാകഥകളും ചിത്രീകരിച്ചുവരുന്നു. നാം ഉണർന്നിരിക്കുമ്പോൾ നമ്മുടെ ചിന്തകളിൽ കടന്നുവരും. ഉറങ്ങുമ്പോൾ അത് സ്വപ്നങ്ങളിൽ കടന്നുവരും. ഈ ഭീതികളിൽ നിന്നു നമ്മുടെ ജീവിതത്തെ കരകയറ്റുവാൻ ഒരു സഹായം ആവശ്യമാണ്. അതു ലഭ്യവുമാണ് എന്നു നാം ഓർമ്മിക്കണം.

യേശുക്രിസ്തു തന്റെ ശിഷ്യന്മാരെ വിട്ടുപിരിഞ്ഞ് പിതാവിന്റെ അടുക്കലേക്കു മടങ്ങിപോകുന്നതിനു മുൻപ് അവരെ ആശ്വസിപ്പിക്കുന്നുണ്ട്. “സമാധാനം ഞാൻ നിങ്ങൾക്കു തന്നേച്ചു പോകുന്നു; ലോകം തരുന്നതു പോലെയല്ല ഞാൻ നിങ്ങൾക്കു തരുന്നത്. നിങ്ങളുടെ ഹൃദയം കലങ്ങരുത്; ഭ്രമിക്കയുമരുത്” (യോഹന്നാൻ 14:27). ഭയപ്പാടിന്റെ ശക്തി യേശുക്രിസ്തുവിന് അറിയാമായിരുന്നു. ഇന്നു ലോകത്തിന്റെ പലഭാഗങ്ങളിലും നിലനില്ക്കുന്ന സ്വേച്ഛാധിപത്യത്തിന്റെ ഭീതി അന്നത്തെ തലമുറയിലും അനുഭവപ്പെട്ടിരുന്നു. ചാട്ടവാറിന്റെയും ക്രൂര മർദ്ദനത്തിന്റെയും കാലഘട്ടമായിരുന്നു അത്. പ്രത്യേകിച്ച് റോമിന്റെ നിഷ്ഠൂര ഭരണത്താൽ വേദന കടിച്ചമർത്തുന്ന എത്രയോ ആളുകൾ അന്നുണ്ടായിരുന്നു. യുദ്ധത്തിന്റെ ഫലമായി ഭാരിച്ച നികുതി ചുമത്തി

യതു നിമിത്തം ഒരുപാടു പേർ കൊടും പട്ടണിയെ നേരിട്ടിരുന്നു. അങ്ങനെയുള്ള ആളുകളുടെ മദ്ധ്യത്തിൽ ജീവിക്കേണ്ട ശിക്ഷ്യന്മാരോടാണ് കർത്താവ് പറഞ്ഞത് "എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു." സമാധാന പ്രഭുവാണ് കർത്താവ് (യെശയ്യാവ് 9:6). ഭയപ്പെട്ടു കഴിയുന്ന ആത്മാക്കൾക്കു ക്രിസ്തു ഇന്നും സമാധാനം നല്കുവാനിടയുണ്ട്. നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്; ദൈവത്തിൽ വിശ്വസിപ്പിൻ, എന്നിലും വിശ്വസിപ്പിൻ (യോഹന്നാൻ 14:1).

### വിശ്വാസത്തോടു കൂടി മാത്രമേ ഭീതിയെ അതിജീവിക്കാൻ പറ്റൂ

ഭയം കണ്ടില്ലെന്നു നടിച്ചുകൂടാ. മനസിനെ അലങ്കോലപ്പെടുത്തുവാനായി നുഴഞ്ഞുകയറിയും ആത്മാവിനെ നശിപ്പിക്കത്തക്കവണ്ണം വ്യാപരിക്കയും ചെയ്യും അത്. ദൈവം ആഗ്രഹിക്കുന്ന പൂർണ്ണമായ സന്തോഷകരമായ ജീവിതത്തെ അതില്ലാതാക്കുന്നു. വിശ്വാസം മുഖാന്തരമല്ലാതെ ഭീതിയെ അതിജീവിക്കുവാൻ സാദ്ധ്യമല്ല. "എന്നാൽ വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പാൻ കഴിയുന്നതല്ല; ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ട് എന്നും തന്നെ അന്വേഷിക്കുന്നവർക്ക് പ്രതിഫലം കൊടുക്കുന്നു എന്നും വിശ്വസിക്കേണ്ടതല്ലൊ." (എബ്രായർ 11:6). പഴയ നിയമത്തിലും പുതിയ നിയമത്തിലും വായിക്കുന്നത് "നീതിമാൻ വിശ്വാസത്താൽ ജീവിക്കും" എന്നത്രെ (റോമർ 1:17). ഈ സൂചനയാണ് യോഹന്നാന്റെ സുവിശേഷം 14-ാം അദ്ധ്യായത്തിൽ യേശുക്രിസ്തു നല്കിയതും. പിതാവായ ദൈവത്തിലും പുത്രനായ ക്രിസ്തുവിലും വിശ്വസിക്കേണ്ടതിന്റെ പ്രാധാന്യം നാം വിസ്മരിക്കരുത്.

ഗലീലാക്കടലിൽ ഒരു ദിവസം കാറ്റ് ആഞ്ഞടിച്ചപ്പോൾ പടക് വല്ലാതെ ഉലയുവാൻ തുടങ്ങി. യേശുവും ശിഷ്യന്മാരും പടകിൽ ഉണ്ടായിരുന്നു. യേശുവോ ഉറങ്ങുകയായിരുന്നു. ശിഷ്യന്മാർ അവനെ പെട്ടെന്ന് ഉണർത്തി പറയുന്നു: "കർത്താവേ രക്ഷി

ക്കേണമേ; ഞങ്ങൾ നശിച്ചുപോകുന്നു." അവൻ അവരോട്: അല്പ വിശ്വാസികളേ, നിങ്ങൾ ഭീരുക്കൾ ആകുവാൻ എന്ത് എന്നു പറഞ്ഞശേഷം എഴുന്നേറ്റു കാറ്റിനേയും കടലിനേയും ശാസിച്ചപ്പോൾ വലിയ ശാന്തത ഉണ്ടായി (മത്തായി 8:26-27). കർത്താവിന്റെ സഹായത്താൽ പത്രൊസിനു, ഭയം അവനെ നിയന്ത്രിക്കുന്നതുവരെ വെള്ളത്തിന്മേൽ നടക്കുവാൻ കഴിഞ്ഞു. എന്നാൽ അവൻ കാറ്റു കണ്ട് പേടിച്ചു മുങ്ങി തുടങ്ങുകയാൽ, കർത്താവേ രക്ഷിക്കേണമേ എന്നു നിലവിളിച്ചു. യേശു ഉടനെ കൈനീട്ടി അവനെ പിടിച്ച് അല്പ വിശ്വാസിയായ നീ എന്തിനു സംശയിച്ചു എന്നു ചോദിച്ചു (മത്തായി 14:30-31). വിശ്വാസ പക്ഷത്തിന്റെ എതിരാണ് ഭയപ്പാട്. ഭീതി നീക്കുവാനുള്ള വഴി എന്ത് എന്നതിനുള്ള ഏക ഉത്തരമാണ് വിശ്വാസം. വിശ്വാസം ഉള്ളേടത്ത് ഭയം നീങ്ങിപോകുന്നു.

പൗലൊസ് തിമൊഥെയൊസിന് എഴുതിയ ലേഖനത്തിൽ വിവരിക്കുന്നതു നോക്കുക. "അതു നിമിത്തം തന്നേ ഞാൻ ഇതൊക്കെയും സഹിക്കുന്നു. എങ്കിലും ലജ്ജിക്കുന്നില്ല. ഞാൻ ആരെ വിശ്വസിച്ചിരിക്കുന്നു എന്നു അറിയുന്നു; അവൻ എന്റെ ഉപനിധി ആ ദിവസം വരെ സൂക്ഷിപ്പാൻ ശക്തൻ എന്നു ഉറച്ചുമിരിക്കുന്നു (2 തിമൊഥെയൊസ് 1:12). അപ്പോൾ വിശ്വാസത്താൽ നമ്മുടെ മനസിൽ കടന്നുവരുന്ന ഭീതിയെ അതിജീവിക്കാം. അതേ അപ്പൊസ്തലൻ എഴുതിയിരിക്കുന്നത്: എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്ക്, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നെ, സകലവും നന്മക്കായി കൂടെ വ്യാപരിക്കുന്നു എന്നു നാം അറിയുന്നു. ഇതു സംബന്ധിച്ചു നാം എന്തു പറയേണ്ടു? ദൈവം നമുക്ക് അനുകൂലം എങ്കിൽ നമുക്ക് പ്രതികൂലം ആർ? സ്വന്ത പുത്രനെ ആദരിക്കാതെ നമുക്ക് എല്ലാവർക്കും വേണ്ടി ഏല്പിച്ചു തന്നവൻ അവനോടു കൂടെ സകലവും നമുക്കു നല്കാതിരിക്കുമോ? അങ്ങനെയുള്ള ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്നു നമ്മെ വേർപിരിക്കുന്നതാർ? കഷ്ടതയോ, സങ്കടമോ, ഉപദ്രവ

മോ, നഗ്നതയോ, പട്ടിണിയോ, ആപത്തോ, വാളോ? "നിന്റെ നിമിത്തം ഞങ്ങളെ ഇടവിടാതെ കൊല്ലുന്നു; അറുപ്പാനുള്ള ആടുകളെപ്പോലെ ഞങ്ങളെ എണ്ണുന്നു" എന്നു എഴുതിയിരിക്കുന്നുവല്ലോ. നാമോ നമ്മെ സ്നേഹിച്ചവൻ മുഖാന്തരം ഇതിൽ ഒക്കെയും പൂർണ്ണജയം പ്രാപിക്കുന്നു (റോമർ 8:28-37). ധാരാളം പെരെ ക്രിയാത്മക ശേഷിയില്ലാത്തവരാക്കി മാറ്റുന്ന ഭീതി നീങ്ങികിട്ടുവാൻ അവർ തങ്ങളുടെ ആശ്രയം ശക്തനായ ദൈവത്തിൽ അർപ്പിക്കണം.

### അതിജീവിക്കുന്ന വിശ്വാസം അനുസരണമുള്ള വിശ്വാസമാണ്

ദാവീദ് തന്റെ സങ്കീർത്തനത്തിൽ എഴുതിയിരിക്കുന്നതു വായിക്കുക. ദൈവം നമ്മുടെ സങ്കേതവും ബലവും ആകുന്നു; കഷ്ടങ്ങളിൽ അവൻ ഏറ്റവും അടുത്ത തുണയായിരിക്കുന്നു (സങ്കീർത്തനങ്ങൾ 46:1). ഒരാളുടെ ജീവിതത്തിൽ ഭയമെന്ന കരിനിഴൽ വീഴുമ്പോൾ അയാൾ പ്രാർത്ഥനക്കും തിരുവെഴുത്തുകൾ വായിച്ചു ഗ്രഹിക്കുന്നതിനും അധികം സമയം ചിലവഴിക്കണം. വിശ്വാസത്താൽ ജീവിക്കുക എന്നു പറഞ്ഞാൽ ഇതു മാത്രമല്ല. യേശുക്രിസ്തു കല്പിച്ച മാതൃകയിലുള്ള ഒരു ജീവിതമാണ് നാം ഓരോ ദിവസവും നയിക്കേണ്ടത്. ജീവിതത്തിലെ നമ്മുടെ എല്ലാ വശങ്ങളും സംയോജിപ്പിച്ച പ്രവർത്തനനിരതമായ ഒരു ജീവിതമാണ് ക്രിസ്തീയ ജീവിതം. ഒളിച്ചോടി രക്ഷപ്പെടാൻ ശ്രമിക്കുന്ന ഒന്നല്ല എന്നർത്ഥം. നാം ഏതു തരത്തിലുള്ള ജീവിതമാണ് നയിക്കേണ്ടതെന്നു ക്രിസ്തു ആയിരിക്കണം തീരുമാനിക്കേണ്ടത്. നിങ്ങൾ എന്നെ കർത്താവേ, കർത്താവേ എന്നു വിളിക്കയും ഞാൻ പറയുന്നത് ചെയ്യാതിരിക്കയും ചെയ്യുന്നത് എന്ത് എന്ന് കർത്താവ് ചോദിക്കാൻ കാരണമതാണ് (ലൂക്കൊസ് 6:46).

ദൈവത്തിൽ നിന്നു ജനിച്ചതൊക്കെയും ലോകത്തെ ജയിക്കുന്നു. ലോകത്തെ ജയിച്ച ജയമോ നമ്മുടെ വിശ്വാസം തന്നെ എന്നു അപ്പൊസ്തലനായ യോഹന്നാനും എഴുതിയിരിക്കുന്നു

(1 യോഹന്നാൻ 5:4). പക്ഷേ ആ വിശ്വാസം അനുസരണമുള്ള വിശ്വാസമാണ്. എങ്കിലും വചനം കേൾക്കമാത്രം ചെയ്തു കൊണ്ട് തങ്ങളെത്തന്നെ ചതിക്കാതെ അതിനെ ചെയ്യുന്നവരായും ഇരിപ്പിൻ (യാക്കൊബ് 1:22). പ്രവൃത്തിയില്ലാത്ത വിശ്വാസം നിർജീവമത്രെ. വെറും വിശ്വാസത്താൽ നാം നീതീകരിക്കപ്പെടു ന്നില്ല. രക്ഷിപ്പാൻ കഴിയാതവണ്ണം യഹോവയുടെ കൈ കുറുകീ ട്ടില്ല. കേൾപ്പാൻ കഴിയാതെ വണ്ണം അവന്റെ ചെവി മന്ദമായിട്ടു മില്ല (യെശയ്യാവ് 59:1). നമ്മിൽ ഭീതി പരുത്തുന്നത് സാത്താനാ ണ്. ആ നിയന്ത്രണത്തിൽ നിന്നും നാശകരമായ ഭയത്തിൽ നിന്നും സ്വതന്ത്രമാകുവാൻ നാം വെളിച്ചത്തിൽ നടക്കണം. അപ്പോൾ കർത്താവിന്റെ കൂട്ടായ്മ നമുക്ക് ഉണ്ടാകും. ആകുല ചിന്തയും, ഭയവും, ആധിയും എല്ലാം നമ്മെ കീഴ്പ്പെടുത്തുന്നത് നാം ലോകത്തെ അനുസരിച്ച് പാപ വഴിയിൽ സഞ്ചരിക്കുന്ന തുകൊണ്ടാണ്. നമ്മുടെ പഴയ മനുഷ്യനെ ക്രിസ്തുവിനോടു കൂടെ ക്രൂശിൽ തറച്ച്, വെള്ളത്തിൽ അടക്കം ചെയ്ത്, വെള്ള ത്തിൽ നിന്നു കയറുമ്പോൾ ജീവന്റെ പുതുക്കത്തിൽ നടക്കേ ണ്ടതിന് ഒരു പുതിയ മനുഷ്യനായി എഴുന്നേല്ക്കുന്നു (റോമർ 6:3-4). വിജയകരമായ വിശ്വാസത്താൽ നാശകരമായ ആധിയെ ഇല്ലാതാക്കാൻ കഴിയും. മരണത്തെ മുഖാമുഖമായി കണ്ടിട്ടും പൗലൊസിനു ഇങ്ങനെ പറയുവാൻ കഴിഞ്ഞത് അതുകൊണ്ടാ ണ്. എനിക്കു ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നതു ലാഭവു മാകുന്നു എന്ന് (ഫിലിപ്പിയർ 1:21). അവൻ തന്റെ ജീവിതം ക്രിസ്തുവിനു വേണ്ടി നയിച്ചിരുന്നതു കൊണ്ട് എന്തുതന്നെ സംഭ വിച്ചാലും കുഴപ്പമില്ല എന്ന വിശ്വാസം അവനുണ്ടായിരുന്നു. കാരണം മരിച്ചാലും ക്രിസ്തുവിനോടു കൂടെ എന്നേക്കും ജീവി ക്കാമല്ലൊ എന്ന പ്രത്യാശ അവനുണ്ടായിരുന്നു. ആ പ്രത്യാശ അവൻ അവസാനത്തോളം കാത്തുസൂക്ഷിച്ചിരുന്നു. നാമും നമ്മുടെ പ്രത്യാശ അവസാനത്തോളം കാത്തുസൂക്ഷിക്കേണ്ട താണ്.

✶

# രക്ഷിക്കുന്ന വിശ്വാസം

J.C. ചോട്ട്

വിശ്വാസം എന്ന വാക്ക് ഇന്ന് പ്രചുര പ്രചാരത്തിലിരിക്കുന്ന ഒന്നാണ്. ബൈബിളിൽ പറഞ്ഞിട്ടുള്ള വിശ്വാസത്തിന്റെ അർത്ഥം ലോകത്തിൽ പറഞ്ഞു കേൾക്കുന്ന വിശ്വാസം പോലെയല്ല. ദൈവത്തിൽ വിശ്വസിക്കുക എന്നാൽ ദൈവം പറഞ്ഞിട്ടുള്ളതിലും ചെയ്തിട്ടുള്ളതിലും പൂർണ്ണമായ വിശ്വാസമാണ്. ദൈവവചനം എന്നു പറയുമ്പോൾ അതു പഴയ നിയമവും പുതിയ നിയമവും അടങ്ങുന്നതാണ്. പഴയ നിയമത്തിലും പുതിയ നിയമത്തിലും നമുക്കു വിശ്വാസം വേണം. പുതിയ നിയമത്തിൽ ക്രിസ്തീയ ജീവിതത്തെയും ആരാധനയെയും ദൈവത്തോടുള്ള അനുസരണത്തെയും വെളിപ്പെടുത്തിയിട്ടുണ്ട്. എല്ലാം നാം വിശ്വസിക്കുന്നുവെങ്കിൽ അനുസരിക്കാൻ ആവശ്യപ്പെട്ടിരിക്കുന്നത് എല്ലാം അനുസരിച്ചാൽ നാം വിശ്വാസികളാകുന്നു. കാരണം നാം ബൈബിളിലെ എഫെസ്യർ 4:5-ൽ വായിക്കുന്ന ഏക വിശ്വാസത്തിൽ അനുസരണവും ഉൾപ്പെടുത്തിയിരിക്കുന്നു.

വിശ്വാസത്തെ ബൈബിളിൽ പ്രകടിപ്പിച്ചിരിക്കുന്ന ഭാഗങ്ങൾ അനവധിയാണ്. ഉദാഹരണമായി ലോകം മുഴുവൻ പ്രസിദ്ധമായ വിശ്വാസം (റോമർ 1:8), ഞങ്ങൾ പ്രസംഗിച്ച വിശ്വാസ വചനം (റോമർ 10:8). നിങ്ങളുടെ വിശ്വാസ പ്രവൃത്തി ഓർത്തുകൊൾക (1 തെസ്സലൊനിക്യർ 1:3). ഒരിക്കലായി ഭരമേല്പിച്ച വിശ്വാസത്തിനായി പോരാടുവിൻ (യൂദ 3) തുടങ്ങിയവ നമുക്കു തിരുവെഴുത്തിൽ കാണാം. ഓരോരുത്തർക്കും ലഭിച്ചിട്ടുള്ള വിശ്വാസത്തിന്റെ അളവ് വ്യത്യസ്തമാണ്. ദൈവസന്നിധിയിൽ സ്വീകാര്യമായ വിശ്വാസം എന്തെന്ന് നാം മനസ്സിലാക്കണം. എങ്കിലേ അതിനു ദൈവത്തിൽ നിന്നു പ്രതിഫലം ലഭിക്കയുള്ളു.

വ്യക്തിപരമായ വിശ്വാസം ഒരാൾ ദൈവത്തെ സ്വീകരി

ക്കുന്നതാണ്. ദൈവത്തെ വിശ്വസിക്കുന്നതിനു ആവശ്യമായ സാക്ഷ്യം ബൈബിളിലും പുറത്ത് പ്രപഞ്ചത്തിലും വെളിപ്പെടുത്തിയിട്ടുണ്ട്. ദൈവവും മനുഷ്യരും തമ്മിലുള്ള ബന്ധം എങ്ങനെ ആയിരിക്കണം എന്ന് മനുഷ്യരെ തന്റെ സ്വന്ത സാദൃശത്തിൽ സൃഷ്ടിച്ചപ്പോൾ വ്യക്തമാക്കി. പക്ഷേ ദൈവത്തിലുള്ള മനുഷ്യരുടെ വിശ്വാസം തകർക്കുന്ന പിശാചിന്റെ പ്രേരണ തിരിച്ചറിയാത്ത മനുഷ്യർ ഭോഷ്ക്ക് വിശ്വസിച്ചു. ഇന്നും ഭൂരിഭാഗം പേരും ഭോഷ്ക്ക് ആണ് വിശ്വസിക്കുന്നത്. സത്യമെന്തെന്ന് അറിയുവാൻ സത്യദൈവത്തെ അറിയണം. പാപത്തിനു ഒരിക്കൽ വശംവദരായാൽ പിന്നെ അതിന് അടിമപ്പെടും. അതിനുശേഷം അതിൽ നിന്നു മുക്തി നേടാൻ മനുഷ്യനാൽ സാധ്യമല്ല. അതുകൊണ്ടാണ് ദൈവം തന്റെ ഏക ജാതനായ പുത്രനെ അയച്ച് മനുഷ്യരെ പിശാചിന്റെ അടിമത്വത്തിൽ നിന്നു വിടുവിപ്പാൻ വഴി ഒരുക്കിയത്. വിശ്വാസം ദൈവത്തിലും അവന്റെ പുത്രനിലും ദൈവത്തിന്റെ അരുളപ്പാടിലും വേണം.

വിശ്വാസത്തെ എബ്രായ ലേഖകൻ നിർവ്വചിക്കുന്നത് ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവുമാണ് എന്നത്രെ (എബ്രായർ 11:1). അതായത് ആരും ദൈവത്തെ കണ്ടിട്ടില്ല. ദൈവം വാഗ്ദാനം ചെയ്തിട്ടുള്ള പല കാര്യങ്ങൾ ഉണ്ട്. അവയെ കുറിച്ച് നമുക്ക് ഒരു നിശ്ചയവുമില്ല. പക്ഷേ ദൈവം വാക്കു പറഞ്ഞാൽ അതു പാലിക്കുക തന്നെ ചെയ്യും (റോമർ 3:3–4). ക്രിസ്തവിനെ നാം കണ്ടിട്ടില്ല. എന്നാൽ അവൻ ജീവിച്ചിരുന്നു എന്നു ദൃക്സാക്ഷികളുടെ വിവരണവും ചരിത്രപുസ്തകങ്ങളും സാക്ഷ്യപ്പെടുത്തുന്നു. ഇനി ദൈവത്തിന്റെ വചനം മനുഷ്യരിലൂടെയാണ് മനുഷ്യരിലേക്ക് എത്തിച്ചിരിക്കുന്നത്. അതു ആളുകൾ വിശ്വസിക്കേണ്ടതിനു അത്ഭുതങ്ങളാലും വീര്യപ്രവൃത്തികളാലും ഉറപ്പിച്ചിരിക്കുന്നു (മർക്കൊസ് 16:20). ദൈവവചനം സത്യമാണെന്ന് ബോധ്യമാക്കുവാൻ അതു ജീവിതത്തിൽ പരിശോധിച്ചു നോക്കാവുന്നതാണ്.

ഇത്തരത്തിൽ ദൈവത്തിലും, ക്രിസ്തുവിലും അവന്റെ വചനത്തിലും ഉള്ള വിശ്വാസമാണ് അനുസരണത്തിലേക്ക് നയിക്കുന്നത്. അതു അന്ധമായ വിശ്വാസമോ, നിർജ്ജീവമോ, മാനസിക തോന്നലോ അല്ല. മനസിൽ ആരംഭിച്ച് അവിടെ നിർത്തേണ്ട ഒന്നല്ല വിശ്വാസം. ഞാൻ പറയുന്ന വിശ്വാസം ദൈവം പറഞ്ഞിരിക്കുന്നതെല്ലാം ചെയ്യുന്ന വിശ്വാസമാണ്. അതു ജീവനുള്ള വിശ്വാസമാണ്; രക്ഷിക്കുന്ന വിശ്വാസവുമാണ്. ഒരുവന്നു മലകളെ നീക്കുവാനുള്ള വിശ്വാസം ഉണ്ടെങ്കിലും സ്നേഹമില്ലെങ്കിൽ അതുകൊണ്ട് പ്രയോജനമില്ലെന്ന് അപ്പൊസ്തലനായ പൗലൊസ് സ്നേഹത്തെക്കുറിച്ച് എഴുതുമ്പോൾ 1 കൊരിന്ത്യർ 13-ൽ പറയുന്നു. ചില ആളുകൾക്ക് കർത്താവിൽ വിശ്വാസമുണ്ടെന്നു പറയും. പക്ഷേ കർത്താവ് പറയുന്നതു എല്ലാം ചെയ്യുവാൻ അവർക്കു കഴിയുന്നില്ല (ലൂക്കൊസ് 6:46). യാക്കോബിന്റെ ലേഖനത്തിൽ യാക്കൊബ് വിശ്വാസവും പ്രവൃത്തിയും ഓരോരുത്തരിലും വേണമെന്ന് പറയുന്നുണ്ട്. "സഹോദരന്മാരേ, ഒരുത്തൻ തനിക്കു വിശ്വാസം ഉണ്ടു എന്നു പറയുകയും പ്രവൃത്തികൾ ഇല്ലാതിരിക്കുകയും ചെയ്താൽ ഉപകാരം എന്ത്? ആ വിശ്വാസത്താൽ അവൻ രക്ഷ പ്രാപിക്കുമോ? ഒരു സഹോദരനോ സഹോദരിയോ നഗ്നരും അഹോവൃത്തിക്കു വകയില്ലാത്തവരുമായിരിക്കെ നിങ്ങളിൽ ഒരുത്തൻ അവരോടു സമാധാനത്തോടെ പോയി തീ കായുകയും വിശപ്പടക്കയും ചെയ്‌വിൻ എന്നു പറയുന്നതല്ലാതെ ദേഹരക്ഷക്കു ആവശ്യമുള്ളത് അവർക്കു കൊടുക്കാതിരുന്നാൽ ഉപകാരം എന്ത്? അങ്ങനെ വിശ്വാസവും പ്രവൃത്തികളില്ലാത്തതായാൽ സ്വതവേ നിർജ്ജീവമാകുന്നു" (യാക്കൊബ് 2:14-17).

വിശ്വാസം മാത്രം മതി എന്നു ബൈബിളിൽ ഒരു സ്ഥലത്തും പറയുന്നില്ല. പക്ഷേ ഇന്നു ആളുകൾ അങ്ങനെ ധരിച്ചു വെച്ചിട്ടുള്ളവർ ഉണ്ട്. അതു അവർ വചനം വസ്തുനിഷ്ഠമായി മനസ്സിലാക്കാത്തതു കൊണ്ടാണ്. അപൂർണ്ണമായ

അറിവു വെച്ചുകൊണ്ടാണ് അവർ അങ്ങനെ ധരിച്ചുവെച്ചിരിക്കുന്നത്. ഏതെങ്കിലും ഒരു വാക്യം സന്ദർഭം നോക്കാതെ നാം തീർപ്പാക്കരുത്. സന്ദർഭം മുഴുവൻ വായിച്ച് അതിൽ എന്തെല്ലാം അടങ്ങിയിരിക്കുന്നു എന്നു നോക്കണം. ഉദാഹരണമായി പ്രവൃത്തികളുടെ പുസ്തകം 16-ാം അദ്ധ്യായത്തിൽ "കർത്താവായ യേശുവിൽ വിശ്വസിക്ക എന്നാൽ നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും" എന്നു പറയുന്നുണ്ട്. പക്ഷേ താഴോട്ടു നാം വായിച്ചാൽ അവർ അവിടെ മാനസാന്തരപ്പെട്ടു സ്നാനമേല്ക്കുന്നതായി കാണാം. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് വേദഭാഗത്തിലെ ഒരു ഭാഗം മാത്രം എടുത്ത് അതു മാത്രം മതി എന്നു തീരുമാനിക്കരുത്. വിശദമായ പഠനത്താലേ കാര്യങ്ങൽ പൂർണ്ണമായി ഗ്രഹിക്കാനാകൂ.

വിശ്വാസത്തിലാണ് മനുഷ്യർ നീതീകരിക്കപ്പെടുന്നത്. പക്ഷേ വെറും വിശ്വാസത്താലല്ല താനും. വിശ്വാസം പൂർണ്ണമാകുന്നതു പ്രവൃത്തിയാലാണ് (യാക്കൊബ് 2:24). ആത്മാവില്ലാത്ത ശരീരം നിർജ്ജീമായിരിക്കുന്നതു പോലെ പ്രവൃത്തിയില്ലാത്ത വിശ്വാസവും നിർജ്ജീവമാണ് (യാക്കൊബ് 2:26). അതിനർത്ഥം നാം പ്രവൃത്തികളിൽ രക്ഷപ്പെടും എന്നാണോ? ഒരിക്കലുമല്ല. വിശ്വാസമില്ലാത്ത പ്രവൃത്തിയും പ്രവൃത്തിയില്ലാത്ത വിശ്വാസവും ദൈവസന്നിധിയിൽ സ്വീകാര്യമല്ല. വിശ്വാസത്തോടു കൂടിയുള്ള പ്രവൃത്തി എന്നു പറയുമ്പോൾ അനുസരണം. അനുസരണമില്ലാത്ത വിശ്വാസം നിഷ്ഫലമത്രെ. ചിലർ വിശ്വസിക്ക മാത്രം ചെയ്യുന്നു. വേറെ ചിലർ പ്രവൃത്തി മാത്രം ചെയ്യുന്നു. ഇവ രണ്ടും ചേർന്നതാണ് ദൈവ പദ്ധതി. വേറൊരു വിധത്തിൽ പറഞ്ഞാൽ ദൈവം പറഞ്ഞിരിക്കുന്നതെല്ലാം അനുസരിക്കുന്നവർക്കു വേണ്ടത്ര വിശ്വാസം വേണമെന്നു ചുരുക്കം. പ്രവർത്തിക്കുന്ന വിശ്വാസമാണ് രക്ഷിക്കുന്ന വിശ്വാസം.

ഇനി നമുക്കു രക്ഷിക്കുന്ന വിശ്വാസത്തെ അടുത്ത് ഒന്നു നോക്കാം. ആദ്യമായ ഈ വിശ്വാസം വരുന്നത് എങ്ങനെ എന്നു

നോക്കാം. പൗലൊസ് പറയുന്നു, "വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു (റോമർ 10:17). ഒരു ദൈവമുണ്ടെന്നു ബോധ്യമാകണം. അതിനാണ് ക്രിസ്തുവിന്റെ വചനം കേൾക്കണം എന്നു പറയുന്നത്. ക്രിസ്തു വന്നു ദൈവത്തെ വെളിപ്പെടുത്തി. അവന്റെ വചനം ജീവനും ആത്മാവുമാകുന്നു. പ്രത്യേകമായി നാം ചെയ്യേണ്ടതായ ദൈവേഷ്ടം വെളിപ്പെടുത്തിയിട്ടുണ്ട്. അതിൽ രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണമെന്നും പറഞ്ഞിരിക്കുന്നു. അതു വായിച്ചറിയുകയോ കേട്ടറിയുകയോ വേണം. ലോകത്തിൽ ദുരുപദേശങ്ങൾ പല കോണുകളിലൂടെ കേൾക്കാം. പക്ഷേ നമ്മുടെ കടമ നാം പരിശോധിച്ച് ഉറപ്പു വരുത്തണം എന്നതാണ്. സർവ്വ ലോകത്തിലും സുവിശേഷം പ്രസംഗിക്കുവാൻ കർത്താവ് കല്പന കൊടുത്തു അപ്പൊസ്തലന്മാർ അതു പ്രാവർത്തികമാക്കി. അതേ സുവിശേഷം വിശ്വസ്ത മനുഷ്യരെ ഏല്പിച്ചു സകല സൃഷ്ടികളോടും അറിയിക്കാൻ ആവശ്യപ്പെട്ടിരിക്കുന്നു. ക്രിസ്തു മരിച്ചു, അടക്കപ്പെട്ടു, ഉയിർത്തെഴുന്നേറ്റു. അതു വ്യക്തിപരമായി എന്റെ പാപങ്ങൾക്കു വേണ്ടിയാണെന്നു ഞാൻ വിശ്വസിക്കണം. വിശ്വാസം കൂടാതെ നമുക്കു ദൈവത്തെ പ്രസാദിപ്പിക്കുവാൻ സാദ്ധ്യമല്ല (എബ്രായർ 11:6). വിശ്വാസത്തിൽ നിന്ന് ഉത്ഭവിക്കാത്തത് ഒക്കെയും പാപം ആകുന്നു (റോമർ 14:23).

ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കയും വായ് കൊണ്ട് രക്ഷക്കായി ഏറ്റുപറയുകയും വേണം (റോമർ 10:10). അപ്പൊസ്തലന്മാർ വിഷമിച്ചിരുന്നപ്പോൾ കർത്താവ് അവരോടു പറഞ്ഞതു ദൈവത്തിലും എന്നിലും വിശ്വസിപ്പിൻ എന്നാണ്. രക്ഷക്കു വിശ്വാസം അനിവാര്യമാണ്. കാരണം ദൈവമാണ് നമ്മെ രക്ഷിക്കേണ്ടത്. രക്ഷക്കു ഏറ്റുപറച്ചിലും ആവശ്യമാണ്. കാരണം ദൈവമാണ് നമ്മെ രക്ഷിക്കേണ്ടത്. അതിനർത്ഥം ഒരാളെ വിശ്വാസവും ഏറ്റപറച്ചിലും രക്ഷയിലേക്കു നയിക്കുന്നു എന്നാണ്. എങ്ങനെയായാലും ഒരാളുടെ വിശ്വാസം കൊണ്ടോ ഏറ്റുപറ

ച്ചിൽ കൊാോ മാത്രം ഒരാൾ രക്ഷിക്കപ്പെടുന്നില്ല. ദൈവത്തിന്റെ പദ്ധതിൽ മുഴുവൻ നാം വിശ്വാസവും അനുസരണവുമുള്ളവരാകണം. ദൈവകല്പനകളിൽ ഒന്നും നമുക്കു മാറ്റിനിർത്താനാവുകയില്ല.

മാനസാന്തരവും സ്നാനവും കർത്താവു കല്പിച്ചിട്ടുള്ള കല്പനകൾ ആകുന്നു. അവയെ മാറ്റി നിർത്തുകയോ അതിന്റെ ഉദ്ദേശത്തെ മാനിക്കാതെ ചടങ്ങായി അതു ചെയ്യുന്നുവെങ്കിൽ നാം ദൈവത്തിന്റെ രക്ഷയിൽ നിന്നും അകലെയായിരിക്കും. പാപം എന്നതു ദൈവകല്പനകളെ ലംഘിക്കുന്നതാണ്. പാപത്തെ വിട്ടു ദൈവകല്പനയിലേക്കുള്ള തിരിയൽ ആണ് മാനസാന്തരം. ഒരാൾ പാപത്തിൽ തുടർന്നു ജീവിച്ചുകൊണ്ട് ദൈവത്തിൽ നിന്നു രക്ഷ പ്രാപിക്കാൻ സാദ്ധ്യമല്ല. അതുകൊണ്ട് നാം കർത്താവിന്റെ ഇഷ്ടത്തിനു വിപരീതമായി പ്രവർത്തിക്കുന്നതു അവസാനിപ്പിക്കണം. നാം മാനസാന്തരപ്പെട്ടില്ലെങ്കിൽ അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊസ് 13:3). ദൈവം എല്ലാവരോടും മാനസാന്തരപ്പെടുവാൻ കല്പിച്ചിരിക്കുന്നു. പത്രൊസ് തന്റെ പ്രസംഗത്തിൽ ഒരോരുത്തൻ മാനസാന്തരപ്പെട്ട് യേശുക്രിസ്തുവിന്റെ നാമത്തിൽ പാപങ്ങളുടെ മോചനത്തിനായി സ്നാനമേല്പിൻ എന്നു പറഞ്ഞിരിക്കുന്നു (പ്രവൃത്തികൾ 2:38). അപ്പോൾ സത്യം ഇതാണ് എന്നു ബോധ്യപ്പെട്ടാൽ നാം എന്തുചെയ്യും? ദൈവം തന്റെ ഹിതം വെളുപ്പെടുത്തിയിരിക്കുന്നതു നാം അതു അനുസരിക്കുവാനാണ്. നാം അതു നിഷേധിച്ചാൽ കർത്താവിനു എങ്ങനെ നമ്മെ രക്ഷിക്കാൻ കഴിയും? അതിനർത്ഥം പൂർണ്ണമായി അവനെ വിശ്വസിക്കുന്നില്ല എന്നല്ലേ? അവനെ വിശ്വസിച്ച് അനുസരിച്ചില്ലെങ്കിൽ നാം രക്ഷിക്കപ്പെടുകയില്ല.

ദൈവപുത്രനായിട്ടാണ് യേശു ഇവിടെ വന്നത്. പ്രവചന നിവർത്തീകരണമായിരുന്നു യേശുവിന്റെ കന്യകാജനനം. ദൈവാത്മാവിനാൽ ജനിച്ച് ദൈവപുത്രനായി. ആ ആശയം ദൈവത്തിന്റേതായിരുന്നു. ദൈവപദ്ധതി നടപ്പാക്കുവാനാണ് ദൈവപു

ത്രൻ വന്നത്. ഇതു നാം വിശ്വസിക്കണം. ആ വിശ്വാസമാണ് ഏറ്റുപറയേണ്ടത് (പ്രവൃത്തികൾ 8:37). ഏറ്റുപറച്ചിൽ രക്ഷക്കു ള്ളതാണ് (മത്തായി 10:32). ഇതിൽ നിന്നും ആർക്കും ഒഴിഞ്ഞു മാറാനാവില്ല. കാരണം അനുസരണം ബലിയേക്കാൾ ഉത്തമമാ ണ്. അവസാനമായി പാപമോചനത്തിനായുള്ള സ്നാനവും രക്ഷ യുടെ ഭാഗമാണ്. വിശ്വസിക്കയും സ്നാനം ഏല്ക്കയും ചെയ്യു ന്നവൻ രക്ഷിക്കപ്പെടും എന്നു കർത്താവു കല്പിച്ചിരിക്കുന്നു (മർക്കൊസ് 16:16). പത്രൊസും പറഞ്ഞിരിക്കുന്നതു സ്നാനം നമ്മെ രക്ഷിക്കുന്നുവെന്നാണ് (1 പത്രൊസ് 3:21). സുവിശേഷം അനുസരിക്കുക എന്നാൽ ഇതാണ്. എന്നാൽ അവിടെ തീരുന്നി ല്ല. ഒരാൾ രക്ഷക്കുള്ള വചനം വിശ്വാസത്തോടെ അനുസരിച്ചു കഴിഞ്ഞാൽ തുടർന്നുള്ള ക്രിസ്തീയ ജീവിതം വിശ്വസ്തമായി നയിക്കണം. മരണത്തോളം വിശ്വസ്ത ജീവിതം നയിച്ചാൽ മാത്രമേ ആത്മാവിനു നിത്യജീവൻ ലഭിക്കുകയുള്ളു (വെളിപ്പാട് 2:10).

✶

# മാഹാത്മ്യത്തിന്റെ അളവ്

**റിച്ചാർഡ് എസ്.എൽ.**

മാഹാത്മ്യത്തെ നാം വിലയിരുത്തുമ്പോൾ, മനുഷ്യരെ സംബന്ധിച്ച് അതു ദൈവ മനുഷ്യർ വിലയിരുത്തിയിട്ടു്. ആ നിലവാരം ഒന്നിനൊന്ന് എതിരാണെന്നു മാത്രം. പ്രധാന നേട്ടങ്ങ ളുടെ അടിസ്ഥാനത്തിന്മേലാണ് അതു കണക്കാക്കുന്നത്. നേട്ട ങ്ങളുടെ കണക്കു നോക്കി നിലവാരം കണക്കാക്കുന്ന സമൂ ഹമാണ് നമ്മുടേത്. ചിലർക്ക് നേട്ടം കുറവായിരിക്കും. വേറെ ചിലർക്ക് നേട്ടങ്ങൾ അധികമാകും. മറ്റുള്ളവരിൽ നിന്നു ശാരീരി കവും മാനസികവുമായ കഴിവുകൾ കണക്കിലെടുത്ത് ചെറുതും വലുതും എന്ന് വിലയിരുത്തുന്നു. മഹാന്മാരായ ആളുകൾ ആദ

രിക്കപ്പെടും, ബഹുമാനിക്കപ്പെടും, മറ്റുള്ളവർക്ക് അവരോട് അസൂയയുമുണ്ടാകും. വലിയ ആളുകൾ അവരുടെ ശക്തിയും സമ്പത്തും നിമിത്തം പ്രശംസിക്കപ്പെടും.

ഉയർന്ന ആളുകളോടും താഴ്ന്ന ആളുകളോടും ഉള്ള പെരുമാറ്റത്തിൽ സമൂഹം സ്ഥിരീകരിച്ച ഒരു പെരുമാറ്റച്ചട്ടമുണ്ട്. അത്തരം പെരുമാറ്റം ക്രിസ്ത്യാനികൾ ഓരോ നിമിഷവും ഏറ്റുമുട്ടേണ്ടതായി വരുന്നു. വിധിക്കാതെ തന്നെ ലോകത്തിന്റെ മാഹാത്മ്യത്തിൽ അടങ്ങിയിരിക്കുന്ന കെണി നാം മനസ്സിലാക്കണം. ലോകം എങ്ങനെ അതിനെ കാണുന്നു എന്നും ശ്രദ്ധിക്കണം. നല്ല ആളുകൾ എന്നു ലോകം പറയുന്ന സൗന്ദര്യമുള്ളവരെ നമുക്ക് ഇഷ്ടമാണ്. നല്ല വസ്ത്രം ധരിക്കുന്നവരെയും മോശമായ വസ്ത്രം ധരിക്കുന്നവരെയും നാം കാണാറുണ്ട്. മോടിയുള്ള വസ്ത്രം ധരിച്ച് സഭയിൽ വരുന്നവരെ ഒരു വിധത്തിലും മോടിയില്ലാത്ത വസ്ത്രം ധരിച്ച് വരുന്നവരോട് നാം വേറൊരു വിധത്തിലുമാണോ പെരുമാറുന്നത്? (യാക്കോബ് 2:1-7).

മാഹാത്മ്യത്തെക്കുറിച്ച് യേശു ഉപദേശിച്ചിട്ടുള്ള കാര്യങ്ങൾ ലോകത്തിന് അനുഭവിക്കാൻ കഴിഞ്ഞിട്ടില്ല. കാരണം അവർ അതു തങ്ങളുടെ ജീവിതത്തിൽ ഉപയോഗിച്ചിട്ടില്ല. ലോകത്തിന്റെ മാഹാത്മ്യ നിലവാരം വിട്ടുകളഞ്ഞ് ക്രിസ്തുവിന്റെ മാഹാത്മ്യ നിലവാരം നമ്മിൽ ആക്കുവാൻ നാം നമ്മെത്തന്നെ ശൂന്യമാക്കണം. ദൈവമക്കൾ തങ്ങളുടെ കാഴ്ചപ്പാട് ലോകത്തിന്റേതിൽ നിന്നു മാറ്റണം. ദൈവിക നിലവാരത്തിൽ നാം യഥാർത്ഥ മാഹാത്മ്യത്തെ തിരിച്ചറിയണം. അതു തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതുവരെ നാം യഥാർത്ഥ ക്രിസ്ത്യാനികളായി ജീവിക്കുന്നില്ല.

ശരിയായ പാത, യേശു തന്റെ ഉപദേശത്തിൽ കൂടെയും ജീവിതത്തിൽ കുടെയും നമുക്കു കാണിച്ചുതരുന്നു്. ലോകത്തുള്ള ആളുകളുടെ ചിന്തക്കും കാഴ്ചപ്പാടിനും അപ്പുറമാണ് യേശുവിന്റെ അപ്പൊസ്തലന്മാർക്കിടയിൽ ചർച്ച നടന്നിരുന്നു (മത്തായി 18:1-4; 23:11-12; മർക്കൊസ് 9:34-35; ലൂക്കൊസ്

22:26-27). അവരുടെ ആ ചോദ്യങ്ങൾക്കു മറുപടിയായി യേശു താഴ്മ എന്തെന്ന് അവരെ കാണിച്ചു കൊടുത്തു. വലിയവൻ ആകുവാൻ ആഗ്രഹിക്കുന്നവൻ തന്നെത്താൻ താഴ്ത്തപ്പെടണം. തന്നെത്താൻ ഉയർത്തുന്നവൻ താഴ്ത്തപ്പെടും. അതിനു നാം നമ്മെക്കാൾ മറ്റുള്ളവർ ശ്രേഷ്ഠർ ആണെന്നു കരുതണം. "ശാഠ്യത്താലോ ദുരഭിമാനത്താലോ ഒന്നും ചെയ്യാതെ താഴ്മയോടെ ഓരോരുത്തൻ മറ്റുള്ളവനെ തന്നേക്കാൾ ശ്രേഷ്ഠൻ എന്നു എണ്ണിക്കൊൾവിൻ" (ഫിലിപ്പിയർ 2:3). നമ്മെക്കാൾ നല്ലവരാണ് മറ്റുള്ളവർ എന്ന ചിന്ത നമ്മിൽ വന്നാൽ സേവിപ്പാൻ നാം താഴ്മ ധരിക്കും.

ലോകത്തിന്റെ ശ്രേഷ്ഠതയും ദൈവനിലവാരത്തിലുള്ള ശ്രേഷ്ഠതയും കൂട്ടിക്കുഴച്ചു മനസ്സിലാക്കിയതുകൊണ്ട് പത്രൊസിന്നു ക്രിസ്തുവിന്റെ സ്വഭാവം തിരിച്ചറിയാൻ കഴിഞ്ഞില്ല. യേശു എന്തിനാണ് ശിഷ്യന്മാരുടെ കാലുകൾ കഴുകിയത് എന്ന് പത്രൊസിനു മനസ്സിലായില്ല. കാലുകൾ കഴുകുന്നതു ഒരു ദാസന്റെ ജോലിയല്ലേ എന്നതായിരുന്നു പത്രൊസിന്റെ ഉള്ളിൽ. അതു കർത്താവു ചെയ്യേണ്ട പ്രവൃത്തിയല്ലല്ലോ. അതുകൊണ്ട് യേശു പത്രൊസിന്റെ കാലുകൾ കഴുകുവാൻ വന്നപ്പോൾ "അരുതു കർത്താവേ" എന്നവൻ പറഞ്ഞു. ആരുടെ മുൻപിലും താഴുവാനുള്ള മനോഭാവം ഉണ്ടെങ്കിൽ നാം ഉയരും. അല്ലെങ്കിൽ നമുക്ക് ഉയരാൻ സാധ്യമല്ല (യോഹന്നാൻ 13:3-7).

യേശുവനു മുമ്പ് ആയിരക്കണക്കിനു വർഷങ്ങൾക്കു മുൻപു ജീവിച്ച ആളുകൾ പൊടി നിറഞ്ഞ മൺപാതയിൽ നടന്നു യാത്ര ചെയ്തവരെ ഓർമ്മിച്ചാൽ നമുക്കു കാര്യങ്ങൾ വ്യക്തമാകും. അബ്രഹാം മൂന്നു യാത്രക്കാർക്കു കാൽ കഴുകാൻ വെള്ളവും, വിശ്രമിക്കാൻ സ്ഥലവും, വേണ്ടുവോളം ആഹാരവും നല്കി (ഉല്പത്തി 18:2-5), അബ്രഹാം തന്റെ മകൻ ഇസഹാക്കിനു ഒരു ഭാര്യയെ അന്വേഷിക്കാൻ നാഹോറിലേക്ക് ഒരു വിശ്വസ്ത ദാസനെ അയക്കുന്നുണ്ട്. ആ കുടുംബം അവനും

അവനോടു കൂടെയുള്ളവർക്കും കാൽ കഴുകുവാൻ വെള്ളം കൊടുക്കുന്നു്. (ഉല്പത്തി 24:32). സോദോം സന്ദർശിച്ച രു ദൂതന്മാർക്കു ലോത്ത് അതു തന്നെ ചെയ്യുന്നു് (19:1-2).

ആ സംഭവങ്ങൾ എല്ലാം അപരിചതർക്കു നല്കുന്ന അതിഥി സൽക്കാരത്തെയും സേവനത്തെയും ആണ് സൂചിപ്പിക്കുന്നത്. പക്ഷേ അവയൊന്നും ദാസന്മാരെ വിളിച്ച് അതിഥികളുടെ കാൽ കഴുകുന്നതായി പറയുന്നില്ല. ദാവീദിന്റെ കാലമായപ്പോഴേക്കും സ്ഥിതികഗതികൾ മാറി. അപ്പോഴേക്കും ദാസന്മാരെ ഉപയോഗിച്ച് അതിഥികളുടെ കാൽ കഴുകാൻ തുടങ്ങി (1 ശമുവേൽ 25:40-41). ദാവീദിന്നു ഒരു ഭാര്യയെ എടുക്കാൻ അവന്റെ ദാസന്മാർ കർമ്മേലിൽ ചെന്നപ്പോൾ, അവൾ അവരോടു "എന്റെ യജമാനന്റെ ദാസന്മാരുടെ കാൽ കഴുകുന്ന ഒരു ദാസി" മാത്രമാണ് താൻ എന്ന് അവൾ പറഞ്ഞു (1 ശമുവേൽ 25:41). യജമാനൻ എന്നു അവൾ പറഞ്ഞതു ദാവീദിനെ ഉദ്ദേശിച്ചാണ്.

കാലങ്ങൾ കടന്നുപോയി. യേശുവന്റെ ജീവിത കാലയളവിലേക്ക് നോക്കാം. അപ്പൊസ്തലന്മാർ യേശുവിന്റെ സ്നാനം മുതൽ അവൻ സ്വർഗ്ഗാരോഹണം ചെയ്യുന്നവരെ അനേകം സംഭവങ്ങൾക്കു ദൃക്സാക്ഷ്യം വഹിക്കുന്നുണ്ട്. അവയെല്ലാം നാലു സുവിശേഷങ്ങളിൽ വിവരിച്ചിട്ടു്. യേശു തങ്ങളുടെ കർത്താവും യജമാനനുമാണെന്ന് അവർ പൂർണ്ണമായും വിശ്വസിച്ചിരുന്നു. അവർക്കു മുൻപു യേശുവിനു വഴിയൊരുക്കാൻ വന്ന യോഹന്നാൻ സ്നാപകൻ വന്നു പറഞ്ഞത്: "ഞാൻ അവന്റെ ചെരിപ്പിന്റെ വാർ അഴിപ്പാൻ യോഗ്യനല്ല" എന്നാണ് (യോഹന്നാൻ 1:27).

യേശു ഒരു പരീശന്റെ ക്ഷണപ്രകാരം അവന്റെ വീട്ടിൽ ഭക്ഷണത്തിനു ചെന്നു. പാപിയായിരുന്ന ഒരു സ്ത്രീ അവിടെ ച്ചെന്നു യേശുവിന്റെ പിന്നിൽ നിന്നു കരയാൻ തുടങ്ങി. അവളുടെ കണ്ണുനീർ യേശുവിന്റെ കാലിൽ വീഴാൻ തുടങ്ങി. അവളുടെ കയ്യിൽ തോർത്തില്ലാതിരുന്നതു കൊണ്ട് അവൾ തന്റെ

തലമുടി കൊണ്ട് അവന്റെ കാലുകൾ തുടച്ചു. അവളുടെ ലക്ഷ്യം എന്തായിരുന്നാലും, അവളുടെ സ്നേഹവും താഴ്മയും അവളിൽ ഉണ്ടായിരുന്നതു യേശു തിരിച്ചറിഞ്ഞു. അവൾക്ക് അഹങ്കാരമില്ലായിരുന്നു എന്ന് ആ പ്രവൃത്തി വ്യക്തമാക്കുന്നു. യേശു അവിടെ വാസ്തവത്തിലുള്ള ശ്രേഷ്ഠതയും പ്രത്യക്ഷമായ ശ്രേഷ്ഠതയും തമ്മിലുള്ള വ്യത്യാസം വിവരിച്ചു തരുന്നു.

പിന്നെ ആ സ്ത്രീയെ ചൂണ്ടിക്കൊണ്ട് യേശു ശിമോനോടു പറഞ്ഞു, നീ ഈ സ്ത്രീയെ കാണുന്നില്ലേ? ഞാൻ നിന്റെ വീട്ടിൽ വന്നു നീ എന്റെ കാലുകൾക്ക് വെള്ളം തന്നില്ല, പക്ഷേ അവളോടു കണ്ണുനീർ കൊണ്ട് എന്റെ കാലുകൾ നനച്ചു, തലമുടി കൊണ്ട് തുവർത്തി. നീ എനിക്കു ചുംബനം തന്നില്ല, എന്നാൽ അവളോ ഞാൻ വന്നതു മുതൽ എന്റെ കാലുകളെ ചുംബിച്ചു കൊണ്ടിരുന്നു. നീ എന്റെ തലയിൽ തൈലം പൂശിയില്ല, ഇവളോ പരിമള തൈലം കൊണ്ട് എന്റെ കാൽ പൂശി. ആകയാൽ ഇവളുടെ അനേകമായ പാപങ്ങൾ മോചിച്ചിരിക്കുന്നു എന്നു ഞാൻ നിന്നോടു പറയുന്നു. അവൾ വളരെ സ്നേഹിച്ചുവല്ലോ. അല്പം മോചിച്ചു കിട്ടിയവൻ അല്പം സ്നേഹിക്കുന്നു. പിന്നെ അവൻ അവളോടു നിന്റെ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു എന്നു പറഞ്ഞു (ലൂക്കൊസ് 7:44-48).

യോഹന്നാൻ 13-ാം അദ്ധ്യായത്തിൽ യേശു അപ്പൊസ്തലന്മാരുടെ കാലുകൾ കഴുകിയത് ഒരു ആഘോഷമായോ ചടങ്ങായോ കൊടുവാനല്ല. മറിച്ച് അവൻ അവരെ ഒരു പാഠം പഠിപ്പിക്കയായിരുന്നു: “നിങ്ങളിൽ വലിയവൻ നിങ്ങളുടെ ശുശ്രൂഷക്കാരൻ ആകുന്നു” (മത്തായി 23:11). കർത്താവും യജമാനനുമായ ഒരാൾ ഏറ്റവും താഴ്ന്ന ഒരു ദാസന്റെ പ്രവൃത്തി ചെയ്യുമ്പോൾ ലോകത്തിന്റെ ശ്രേഷ്ഠത തകിടം മറിയുകയാണ്. ലോകത്തിന്റെ മാഹാത്മ്യം നേരെ മറിച്ചാണ്. ഇവിടെ നാം മനസ്സിലാക്കേത് എന്തെന്നാൽ സ്നേഹം നിർവ്യാജവും അഹങ്കാരമില്ലാത്തതും. താഴ്മ പ്രതിഫലം പ്രതീക്ഷിക്കാത്തതുമായിരിക്കണം

എന്നാണ്. നമ്മെക്കാൾ മറ്റുള്ളവർ ശ്രേഷ്ഠരാണ് എന്ന് നാം വാസ്തവത്തിൽ കണക്കാക്കണം. ഈ ശ്രേഷ്ഠത നാം ലോകത്തിനു കാണിച്ചുകൊടുക്കണം. ദൈവ ഭവനത്തിലുള്ളവർ ക്രിസ്തുവിന്റെ സ്വാഭാവം ഉള്ളവരായാൽ സ്വർഗ്ഗം സന്തോഷിക്കും.

✶

# പാപവും മോചനവും

**റോബെർട്ട് സി.**

വാപം ഒരു പ്രശ്നം തന്നെയാണ്. ലോകത്തിൽ എവിടെയും ഏതു മനുഷ്യനെയും ബാധിക്കുന്ന ബാധയാണ് പാപം. അത് എപ്പോഴോ നമ്മിൽ കടന്നുകൂടുന്നു. അനുസരണക്കേട്, അധർമ്മം എന്നൊക്കെ അതിനെ വിളിക്കുന്നു. പാപമില്ലാത്ത വ്യക്തികൾ ഇല്ല. നമ്മിൽ പാപം ഇല്ല എന്നു നാം പറയുന്നുവെങ്കിൽ നാം നമ്മെത്തന്നെ വഞ്ചിക്കുന്നു. സത്യം നമ്മിൽ ഇല്ലാതെയായി (1 യോഹന്നാൻ 1:8). നിയമം ഉള്ളേടത്തോളം മനുഷ്യൻ നിയമം ലംഘിച്ചുകൊിരിക്കുന്നു. അതൊരു ശീലമായി മനുഷ്യൻ മാറ്റിയിരിക്കുന്നു. ഒരു വ്യത്യാസമില്ല, എല്ലാവരും പാപം ചെയ്തു ദൈവ തേജസ് ഇല്ലാത്തവരായി തീർന്നു. പാപം മനുഷ്യനെ മരണത്തിലേക്കു തള്ളിവിടുന്നു (റോമർ 6:23). ഈ മരണത്തെ അഥവാ മരണത്തിന്റെ ശക്തിയെ തോല്പിക്കുവാനാണ് യേശു മരിച്ചത്. മരണത്തെ മരണം കൊണ്ട് അതിജീവിച്ചു. അങ്ങനെ അവൻ യാഗമായി തീർന്നതു കൊണ്ട് പാപങ്ങൾക്കു മോചന വഴി ഒരുക്കി. പാപമോചനം ദൈവകൃപയാൽ ലഭിക്കുന്ന ദാനമാണ്. പാപിയായ മനുഷ്യരെ ദൈവിക നിലവാരത്തിലേക്കു ഉയർത്തുവാനാണ് ദൈവത്തിന്റെ പദ്ധതി. പാപമോചന ദിശയിലേക്ക് നാം നീങ്ങണം. പാപമോചനം എളുപ്പത്തിൽ ലഭ്യമാകും, പക്ഷേ മനസു തകർന്നു ഹൃദയം നുറുങ്ങി

നാം അവന്റെ നിർദ്ദേശങ്ങൾ അനുസരിക്കണം എന്നു മാത്രം.

വളരെ എളുപ്പത്തിൽ മറക്കാനിടയുള്ള ഒന്നാണ് പാപമോചനം. കാരണം പലപ്പോഴും ദൈവം നമ്മുടെ നേർക്കു കരം നീട്ടുന്നതു നാം കാണുകയില്ല. ദൈവം നമ്മോട് മടങ്ങിവരാൻ ആവശ്യപ്പെട്ടുകൊണ്ടിരിക്കയാണ്. തന്നിൽ നിന്നകന്നു പോകുന്നവരെ തന്റെ അരുളപ്പാടുകൾ വിളിച്ചറിയിച്ചു അവരോടു തിരിച്ചു വരുവാൻ ആവശ്യപ്പെട്ടുകൊണ്ടിരിക്കയാണ്. പക്ഷേ ആളുകൾ ചെവി കൊടുക്കുന്നില്ല. കാരണം അവരെ പിൻതിരിപ്പിക്കുവാൻ ലോകത്തിൽ പലവിധ ആകർഷണ വലയങ്ങൾ ഉണ്ട്. അവയിൽ നാം കുടുങ്ങിപ്പോകരുത്. ലോകത്തിന്റെ സുഖഭോഗങ്ങൾ ആണ് വാസ്തവത്തിലുള്ള ആത്മീയ സന്തോഷത്തെ എടുത്തുകളയുന്നത്. അതു തിരിച്ചറിയുവാൻ നമുക്ക് ഉൾക്കാഴ്ച വേണം.

ചിലപ്പോൾ നാം പാപമോചനത്തെ മറക്കുന്നതിന്റെ കാരണം പാപത്തിന്റെ അനന്തര ഫലത്തെ നാം മറക്കുന്നതു കൊണ്ടാണ് ഉദാഹരണമായി ചിലർക്ക് സമൃദ്ധി ലഭിക്കുമ്പോൾ അവർ മുൻപ് എങ്ങനെയായിരുന്നു എന്നു മറക്കും. അവരെ പഴയകാല സ്മരണ ഉണർത്തുവാൻ ദൈവം ഓരോ സന്ദർഭങ്ങളും മുഖാന്തരങ്ങളും ജീവിതത്തിൽ വരുത്തും. ചിലർ അപ്പോൾ തങ്ങളുടെ പഴയ അവസ്ഥയെ ചിന്തിക്കും. ഒരുപക്ഷേ രോഗം വന്നു കിടക്കുമ്പോൾ അവർക്കു ചിന്തിക്കാൻ സമയം കിട്ടും. പാപം നമ്മെ മുൻപ് എങ്ങനെയെല്ലാം ദുഃഖത്തിലാഴ്ത്തി എന്നു ചിന്തിക്കുക. മാനസികമായും വൈകാരികമായും അപ്പോൾ നാം സ്വസ്ഥതയില്ലാത്തവരായിരുന്നു. സമാധാനമില്ലാതെ കഴിഞ്ഞിരുന്നു. അതോർത്താൽ വീണ്ടും നാം പാപത്തിലേക്ക് പോകയില്ല. ലഭിച്ച മോചനത്തിന്റെ പ്രസക്തി കുറച്ചു കാണുകയുമില്ല.

ദൈവത്തിന്റെ കൃപയാലാണ് നമ്മുടെ പാപങ്ങളെ ദൈവം മോചിച്ചത്. ക്രിസ്തുവിന്റെ യാഗം നിമിത്തം ആണ് നമ്മുടെ അകൃത്യങ്ങളെ ദൈവം കണക്കിലെടുക്കുന്നത്. ദൈവത്തിനു നമ്മോ

ടുള്ള സ്നേഹം പ്രദർശിപ്പിച്ചത് തന്റെ പ്രിയ പുത്രനിൽ കൂടെയാണ്. ക്രിസ്തു തന്റെ ജീവിതാവസാനം വരെ ആ സ്നേഹം നമുക്കു കാണിച്ചുതന്നു; ആ ദൈവ സ്നേഹത്തെ നാം ഒരിക്കലും മറക്കാൻ പാടില്ല. അപ്പൊസ്തലന്മാരെ തിരഞ്ഞെടുത്ത് ലോകം മുഴുവൻ മാനസാന്തരവും പാപമോചനവും പ്രസംഗിക്കാൻ ആവശ്യപ്പെട്ടതു നാം നഷ്ടപ്പെട്ടുപോകരുത് എന്നു വിചാരിച്ചാണ്. നാം ദൈവസന്നിധിയിൽ വിശുദ്ധരും നിഷ്ക്കളങ്കരും ആകേണ്ടതിനാണ് രക്ഷാ സന്ദേശം സകല സൃഷ്ടികളെയും അറിയിക്കാൻ ആവശ്യപ്പെട്ടത്. ക്രിസ്ത്യാനികളെ ഉപദ്രിവിക്കയും മുടിക്കയും ചെയ്ത പൗലൊസിനെ കർത്താവ് അവന്റെ പാപങ്ങൾ ക്ഷമിച്ചു കൊടുക്കുക മാത്രമല്ല, അവനെ ദൈവിക ശുശ്രൂഷക്കായി തിരഞ്ഞെടുക്കയും ചെയ്തു. ദൈവം തന്റെ കരുണാധിക്യ പ്രകാരമാണ് അങ്ങനെ ചെയ്തത് എന്നു പൗലൊസ് തന്നെ പറഞ്ഞിട്ടു് (1 തിമൊഥെയൊസ് 1:12-15).

ദൈവ കൃപ അപ്രമേയമാണ് - അതിശയകരമായ ദൈവകൃപ ആത്മാവിനാൽ തന്റെ വചനം മുഖാന്തരം ദൈവം എല്ലാവർക്കുമായി തുറന്നുവെച്ചിരിക്കുന്നു. അതു മനുഷ്യൻ രക്ഷ പ്രാപിക്കേതിനാണ് (എഫെസ്യർ 2:8-10) നമ്മുടെ ഇഷ്ടപ്രകാരമല്ല ദൈവം നമ്മോട് ക്ഷമിക്കുന്നത്. പിന്നെയോ ദൈവേഷ്ട പ്രകാരമാണ്. തന്റെ വിശുദ്ധന്മാർക്കു ദൈവം അതു വെളിപ്പെടുത്തിയത് ദൈവവചനമായി ബൈബിളിൽ എഴുതിയിട്ടുണ്ട്. നമ്മുടെ കടമ അതു വായിച്ച് അപ്രകാരം ജീവിക്കുക എന്നതാണ്. കാര്യങ്ങൾ നമ്മുടെ വഴിയിൽ ചെയ്യുവാനാണ് നമുക്ക് ഇഷ്ടം. എന്നാൽ പാപമോചനത്തിന് ദൈവവഴി തന്നെ സ്വീകരിക്കണം.

✶

*Watch!*

# SATHYANADAM

# TV PROGRAME

## TRUE GOSPEL MESSAGE

## Speaker:

# Bro. P.K. VARGHESE

## Saturday **6 am to 6.30 am**

## On JAI HIND CHANNEL

കേൾക്കുക!

# സത്യനാദം

ബ്രദർ.

**പി.കെ വർഗ്ഗീസ്**

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!

The English Voice of Truth is available.
One can contact Philemon or Kingsley at:
P.C. Philemonrajah, P.O. Box 15, 45 C/1 Church Lane,
Coronation Street, Arasardi, Madurai 625016
Mobile : 9244204420, 9244214421(Kingsley), 0452-2607026(Landline)

## Gospel Preaching On Television & Radio

| | | |
|---|---|---|
| Tamil : | Nambikkai TV | - Every Saturday at 8.00 pm |
| | Tamilan TV | - Every Monday at 6.00 pm |
| | Speaker : **Arjunan** | |
| | Tamilan TV | - Every Sunday at 6.45 am |
| | Nambikkai TV | - Every Sunday at 3.30 pm |
| | Speaker : **Philemon & Kingsley** | |
| | Tamilan TV | - Every Monday at 7.00 am<br>Every Thursday at 9.30 pm<br>Every Saturday at 7.15 am |
| | Speaker : **Rajanayagam** | |
| Hindi : | Subhasandesh TV | - Every Sunday & Tuesday at 7.00 pm |
| | Speaker : **Sunny, Francis & Vinay David** | |
| Malayalam : | Jai Hind TV | - Every Saturday at 6.00 am |
| | Speaker : **P. K. Varghese** | |
| Telugu : | Subhavartha TV | - Every Sunday 6.00 pm |
| | Rakshana TV | - Every Wednessday 6.30 pm |
| | Rakshana TV | - Every Thursday 11.00 am |
| | Sathyavani TV | - Every Wed & Friday 8.00 pm<br>www.sakthitv.in |
| | Aradhana TV | - Every Saturday at 6.30 am |
| | Kanthi TV | - Everyday at 7.30 am & 3.30 pm |
| | Speakers : **Joshua & Ricky Gootam** | |
| Manipur : | TC Network | - Every Monday at 6.30 pm |
| | TC Network | - Every Wed. & Friday at 6.00 am |
| | Speaker : **Thang Lien** | |

*Join us to worship God in Spirit and Truth*

*The*

# CHURCH OF CHRIST

Meets at T.C. 27/225
Thampuranmukku, Trivandrum-35

**Sunday- Worship- 10.00 am**
**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

To

From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378